## ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയും ഉദാത്തതയും

1 ജൂലൈ 2022

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

DEVAMATHA COLLEGE



## നിർമിതബുദ്ധി

## വിജ്ഞാനാർജിത അൽഗോരിതങ്ങൾ

## ഊർജ കാര്യക്ഷമതയും ഭാവിയിലേക്കായുള്ള അക്ഷയ ഊർജവും

9 772349 105005




എൻ.വി.കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ


# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

ജൂലൈ 2022 വാല്യം 54 ലക്കം 7 വില ₹ 25






നിർമിതബുദ്ധി ഒരു മുഖവുര
ഡോ. സരിത എം.,
ഡോ. പ്രവീൺ എൻ
37
ഏറ്റവും വേഗത്തിൽ വികസിച്ചു കൊണ്ടിരിക്കുന്ന ശാസ്ത്രശാഖയായ നിർമിതബുദ്ധിയെക്കുറിച്ച് ലഘു വിവരണം

27
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാന സാഹിത്യ ശില്പശാല 2022

28
തനത് നാടകത്തിന്റെ കാവാലച്ചിട്ട
ഡോ. കെ.ആർ. അജിന്ദ്രനാഥ്,
വി.എസ്. അഞ്ജലി ആനന്ദ്

34
പെൺകരുത്തിന്റെ കവിതകൾ
ഷിജോ വി വർഗീസ്

47
സൈബറിടവും പ്രകടനകലയും
ഡോ. സിബി കുര്യൻ




വിജ്ഞാനാർജിത അൽഗോരിതങ്ങൾ ഒരു പഠനം
ഡോ. രാജീവ് രാജൻ
43
ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അൽഗോരിതങ്ങളെപ്പെറ്റി വിവരിക്കുന്ന ലേഖനം

5
ഊർജ കാര്യക്ഷമതയും ഭാവിയിലേക്കായുള്ള അക്ഷയ ഊർജവും
ഡോ. ആർ. ഹരികുമാർ

9
കേരളത്തിന്റെ വികസന സ്ത്രീപക്ഷ വായന
ഡോ. മല്ലിക എം.ജി.

16
വേണാട്ടരചനെ മുട്ടുകുത്തിച്ച കർഷകസമരം
വൈശാഖ്

23
പുതു കവിതയിലെ പെൺമൊഴിച്ചന്തം
തനിമ സുഭാഷ്



ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയും ഉദാത്തതയും
കീർത്തി വിദ്യാസാഗർ
73
പുരാതനങ്ങളായ ഭാരതീയ കാവ്യങ്ങളിലെ വക്രോക്തിയെ കുറിച്ച് സമഗ്രമായി വിവരിക്കുന്ന ലേഖനം

55
മഹാമാരിക്കാലത്തെ ഡാറ്റ ശേഖരണം ഗൂഗിൾ ഫോമിന്റെ സാധ്യതകൾ
വേണു പ്രസാദ് എച്ച്,
ശ്രീകല പി.

60
തുളസീവനത്തിന്റെ പാർവതീ പരിണയം
ധന്യ ബി

65
ടെക്നോളജിയുടെ കുത്തൊഴുക്കിൽ മാറുന്ന സാമൂഹ്യവ്യവസ്ഥകൾ
ഡോ. ജോർജ്ജ് വർഗീസ്

82
പുസ്തക പരിചയം



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും. അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. -എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255
www.keralabhashainstitute.org

**ചീഫ് എഡിറ്റർ**
ഡോ. പി.എസ്. ശ്രീകല
**എഡിറ്റർ**
ജി.ബി. ഹരീന്ദ്രനാഥ്
**സബ് എഡിറ്റർ**
അശ്വിൻ കൃഷ്ണ ആർ.
**പത്രാധിപസമിതി**
ഡോ. ഷിബു ശ്രീധർ
ഡോ. പ്രിയ വർഗീസ്
എൻ. ജയകൃഷ്ണൻ
ഡോ. റ്റി. ഗംഗ
കെ.ആർ. സരിതകുമാരി
റാഫി പൂക്കോം
ശ്രീകല ചിങ്ങോലി
രമ്യ കെ. ജയപാലൻ
വിദ്യ എസ്.
ദീപ്തി കെ.ആർ.
ഡോ. അപർണ്ണ എസ്. കുമാർ
ബിന്ദു എ.
അനുപമ ജെ.
**സർക്കുലേഷൻ മാനേജർ**
എൻ.ഐ. അനിൽകുമാർ
**ടൈപ്പ് സെറ്റ് & ലേ-ഔട്ട്**
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ
തിരുവനന്തപുരം -14
**കവർ ഡിസൈൻ :**
നാരായണ ഭട്ടതിരി

# ഭാഷ സംവേദനക്ഷമമാകണം

കേരളം ജ്ഞാനസമൂഹത്തിലേക്കുള്ള പരിവർത്തനപാതയിലാണ്. വിജ്ഞാനത്തെ കേന്ദ്രമാക്കുന്ന വികസനനയത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാനസർക്കാർ മുന്നോട്ടു പോകുന്നത്.


അറിവുല്പാദനം സമൂഹത്തിന്റെ പുരോഗതിക്കും സുസ്ഥിര വികസനത്തിനും പ്രയോജനപ്പെടുത്താൻ കഴിയണം. ഭാഷയ്ക്ക് ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്കുണ്ട്. വിജ്ഞാനത്തെ ഉൾക്കൊള്ളാനോ സംവേദനം ചെയ്യാനോ ആവാത്ത ഭാഷ ഫലവത്തല്ല. ആശയവിനിമയം ഭാഷയുടെ പ്രഥമ ഉദ്ദേശ്യമെന്ന് പറയുമ്പോഴും കേവലമായ അർഥത്തിനപ്പുറമുള്ള നിർവചനം ആശയവിനിമയം എന്ന സങ്കേതത്തിനുണ്ട്. അതിനു പര്യാപ്തമാകുന്ന വിധത്തിൽ ഏതൊരു ഭാഷയെയും സമ്പന്നമാക്കണം. നവീകരണത്തിലൂടെ മാത്രമേ അത് സാധ്യമാവൂ. നവീകരണമാവട്ടെ, കാലികവും ആവണം. ശാസ്ത്ര - സാങ്കേതിക - മാനവിക മേഖലയിലെ വിജ്ഞാനം മുന്നോട്ടു പോകുമ്പോഴും ഭാഷ അതിനനുസൃതമായി സംവേദനക്ഷമമായില്ലെങ്കിൽ വിജ്ഞാനം ഭാഷാ ശേഷിയുള്ളിടത്ത് മാത്രമായി ഒതുങ്ങുകയാവും ഫലം. ഇത് വിജ്ഞാനവിടവുകൾ വർധിപ്പിക്കും.

വൈജ്ഞാനികമേഖലയെ മലയാളത്തിനു പ്രാപ്യമാക്കുകയും മലയാളത്തെ വൈജ്ഞാനിക ഭാഷയാക്കി ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. നിരന്തരമായ നവീകരണത്തിലൂടെ മാത്രമേ കാലികമായി ഭാഷയെ സജ്ജമാക്കാൻ കഴിയൂ എന്ന് സൂചിപ്പിച്ചുവല്ലോ. ഏതു വിജ്ഞാനവും അവതരിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ഭാഷയെയും ഏതു വിജ്ഞാനമേഖലയും പ്രാപ്യമാകുന്ന വിധത്തിൽ സമൂഹത്തെയും പരുവപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ആ ദൗത്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിക്ഷിപ്തമാണ്.

അതിനുള്ള ശ്രമങ്ങളിൽ എല്ലാ വിജ്ഞാന ശാഖയെയും ഉൾപ്പെടുത്തുന്നു. ലോകത്തെവിടെ ഉൽപ്പാദിപ്പിക്കുന്ന അറിവും നമ്മുടെ ഭാഷയ്ക്ക് അന്യമല്ലാതാക്കുകയും അതിലൂടെ മലയാളിയെയും കേരളത്തെയും ജ്ഞാനസമ്പുഷ്ടമാക്കി വികസനപ്രക്രിയയെ വിജ്ഞാനാധിഷ്ഠിതമാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

വിജ്ഞാനസ്നേഹികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

- ചീഫ് എഡിറ്റർ



# സൈബറിടവും പ്രകടനകലയും

ഡോ. സിബി കുര്യൻ

സമകാലികജീവിതത്തിന്റെ വ്യത്യസ്തതലങ്ങളെ പരിവർത്തിപ്പിച്ചുകൊണ്ട് സ്വയം പരിണാമിയായി വർത്തിക്കുന്ന പ്രബലമായ രണ്ട് ആശയധാരകളാണ് സൈബറിട(Cyberspace)വും പ്രകടനകല(Performance art)യും. പരസ്പരബന്ധിതമായ ഡിജിറ്റൽ സാങ്കേതികവിദ്യയെ പ്രതിനിധാനം ചെയ്യുന്ന സൈബറിടം ഒരേസമയം യഥാർഥവും കൃത്രിമവുമായ ലോകത്തെ സൃഷ്ടിക്കുന്നു. ഭൗതികലോകത്തിന്റെ ഡിജിറ്റൽ പതിപ്പുകളായ സൈബറിടം വ്യത്യസ്തമായ നിലയിലാണെങ്കിലും യഥാർഥലോകത്തിലെ സംഭവങ്ങളെല്ലാം ഡിജിറ്റൽ ലോകത്തും ആവർത്തിക്കുന്നു. ഈ സാധ്യതയിലാണ് ആധുനികകാലഘട്ടത്തിന്റെ കലയായ പ്രകടനകല സൈബറിടവുമായി സമന്വയിക്കുന്നത്. കലാകാരന്മാർ തത്സമയപ്രവർത്തനങ്ങളിലൂടെ സാക്ഷാൽക്കരിക്കുന്ന പ്രകടനപരമായ കലാസൃഷ്ടികളാണ് പ്രകടനകലയുടെ അന്തസ്സത്ത. സമയം, സ്ഥലം, കലാകാരൻ, അവതാരകനും പ്രേക്ഷകരും തമ്മിലുള്ള ബന്ധം എന്നിങ്ങനെ നാലു ഘടകങ്ങൾ പ്രകടനകല ഉൾക്കൊള്ളുന്നു. ഇതിൽ അവസാനത്തേത്, കലാകാരനും പ്രേക്ഷകനും തമ്മിലുള്ള ബന്ധം സൈബറിടത്തിൽ സാധിക്കാമെന്നതാണ് സാങ്കേതികവിദ്യ മുന്നോട്ടുവയ്ക്കുന്ന അനന്തസാധ്യത. അതിലൂടെ സ്ഥലം, സമയം എന്നിവയുടെ പരിമിതികളെ മറികടക്കാൻ പ്രകടനകലാകാരന്മാർക്ക് സാധിക്കുന്നു. സൈബർപ്രകടനം (Cyberformance) എന്നൊരു സാങ്കേതികസംജ്ഞ രൂപപ്പെട്ടത് ഈ സവിശേഷസാഹചര്യത്തിലാണ്. ഇക്കാര്യങ്ങളെക്കുറിച്ച് സാമാന്യധാരണ രൂപപ്പെടുത്തുകയും അവയെ കേരളീയപശ്ചാത്തലത്തിൽ വിശദമാക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ആധുനിക പ്രവണതകളെ അഭിമുഖീകരിക്കാൻ മലയാളികൾ സജ്ജരാവുകയുള്ളൂ.

## സൈബറിടം(Cyberspace)

വ്യാപകവും പരസ്പരബന്ധിതവുമായ ഡിജിറ്റൽ സാങ്കേതികവിദ്യയെയാണ് സൈബറിടം (Cyberspace) എന്നതുകൊണ്ട് അർഥമാക്കുന്നത്. ഡാനിഷ് കലാകാരി സൂസൻ ഉസ്സിംഗ്(Susanne Ussing) ഭർത്താവായ കാർസ്റ്റൺ ഹോഫി(Carsten


സൈബർസ്പെയ്സ് എന്ന മായികലോകത്തെക്കുറിച്ചുള്ള ധാരണകൾ പ്രതിഷ്ഠാപിതമാകുന്നത് വില്യം ഗിബ്സൺ എന്ന സയൻസ് ഫിക്ഷൻ നോവലിസ്റ്റ് 1982-ൽ രചിച്ച 'ബേണിംഗ് ക്രോം' എന്ന ചെറുകഥയിലും 1984-ൽ എഴുതിയ 'ന്യൂറോമാൻസർ' എന്ന നോവലിലും സൈബർ സ്പെയ്സ് എന്ന പദം പ്രയോഗിച്ചതോടെയാണ്.

**VIJNANAKAIRALI** Monthly
Price: ₹ 25.00
Date of Publication: 1, July 2022

Reg. No.KL/TV(N)/526/2020-22
RNI. No.22641/1969
Registered Newspaper Licensed to Post Without pre-payment Licence No. KL/TV(N) WPP/199/2020-22


# ചർക്കയുടെ ഇതിഹാസം അഥവാ **ഗാന്ധിജിയുടെ ഖാദിജീവിതം**

എം. സുരേഷ്ബാബു




ചർക്ക എന്ന പ്രതീകത്തെ മുൻനിർത്തി വൈവിധ്യങ്ങളുടെ ഇന്ത്യയെ ദേശീയതയുടെ നൂലിൽ കോർത്തിണക്കിയ ഗാന്ധിജിയുടെ ഖാദിജീവിതം ഏറെ അറിയപ്പെടാത്തതും സംഭവബഹുലവുമാണ്. ചർക്കയും ഖാദിയും ഊടും പാവുമാക്കി ഇന്ത്യ എന്ന രാഷ്ട്രഭാവന നെയ്തെടുത്തതിന്റെ ഗാന്ധിയൻചരിത്രം രേഖപ്പെടുത്തുന്ന അപൂർവ്വ ഗ്രന്ഥം.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , നാളന്ദ, തിരുവനന്തപുരം. 0471 231 7238, 231 6306
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കെ.ബി.ഐ. ബിൽഡിങ്, പ്ലാസ ജങ്ഷൻ, കണ്ണൂർ 0497 293 1021
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഇ.എം.എസ്. സ്റ്റേഡിയം ബിൽഡിങ്, രാജാജിറോഡ്, കോഴിക്കോട് 0495 272 4600
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കരിമ്പനാൽ അവന്യൂ, സ്റ്റാച്യൂ, തിരുവനന്തപുരം. 0471 24 71581
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, കള്ളിയത്ത് റോയൽ സ്ക്വയർ, പാലസ് റോഡ്, തൃശ്ശൂർ 0487 232 7818
പ്രാദേശികകേന്ദ്രം, ചെറൂട്ടിറോഡ് കോഴിക്കോട്. 0495 236 6124
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, റവന്യൂ ടവർ, പാർക്ക് അവന്യൂ, എറണാകുളം 0484 236 2867 kbikochishop@gmail.com
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല, ഒന്നാം നില, താന്നിക്കൽ ടവേഴ്സ്, വൈ.എം.സി.എ. റോഡ്, കോട്ടയം-1, 9633022959

www.keralabhashainstitute.org


Printed and published by Dr. P.S.Sreekala and owned by State Institute of Languages, Nalanda, Kowdiar P.O., Thiruvananthapuram 3. Printed at Mangalam Publication, Kottayam. Editor: G.B.Harindranath